**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ വരുമാനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ കൂടുതൽ വരുമാനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തന ചെലവ് വർദ്ധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാന്റ് അനുസരിച്ച് അധിക സർവീസുകളും, ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും, അനാവശ്യ ചെലവുകൾ ചുരുക്കിയും, ഡെഡ് കിലോമീറ്റർ ഒഴിവാക്കിയും, ചെലവ് കുറച്ചും, ഓപ്പറേറ്റിംഗ് ചെലവിന് മുകളിൽ വരുമാനം എത്തിക്കുന്നതിന് കഴിഞ്ഞതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിന് സാദ്ധ്യതാപഠനം നടത്തി കൂടുതൽ ലാഭകരമായതും, ജനോപകാരപ്രദമായതുമായ റൂട്ടുകൾ കണ്ടെത്തി അധിക സർവ്വീസുകൾ ആരംഭിച്ച് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടത്തിലെ കടമുറികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതി നടപടികളുടെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചത്; | (ബി) | കോഴിക്കോട് കെ.എസ്.ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സിന്റെ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ lesse ആയ M/s. Alif Builders W.P.(C) No.32457/2023 പ്രകാരം കേസും ബസ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലെ '3' കിയോസ്കുകൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ബഹു. മുൻസിഫ് കോടതി, കോഴിക്കോട്-II ൽ M/s. Alif Builders കേസും നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ കോടതി ഉത്തരവിന് വിധേയമായി മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടം യാത്രക്കാർക്ക് കൂടുതൽ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ